അവകാശാധികാരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അവ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി)മുതൽ(ഡി)വരെ കേരളാ സർവീസ് റൂൾസ് അഡ്വക്കേറ്റ് ജനറലിന് ബാധകമല്ല. കേരളാ ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യത്തിലെ അപ്പെൻഡിക്സ് 1-ൽ വകുപ്പു മേധാവികളുടെ ലിസ്റ്റിൽ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്, പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻ എന്നിവരെപ്പോലെ തന്നെ അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്നു. ഈ അതോറിറ്റികളുടെ കീഴിൽ വരുന്ന ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

(ഇ) ഈ വർഷം അഡ്വക്കേറ്റ് ജനറൽ ഓഫീസിന് 691.08 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓഫീസിലെ ചെലവുകൾക്കു പുറമേ കോടതി ഫീസ് ഇനത്തിലുള്ള ചെലവ്, അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഡയറക്ടർ ജനറൽ (പബ്ലിക് പ്രോസിക്യൂഷൻസ്), സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിൽ, സീനിയർ അഡ്വക്കേറ്റുമാർ, ഗവൺമെന്റ് പ്ലീഡർമാർ, അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ സ്റ്റാഫ് തുടങ്ങിയവർക്കുള്ള ഫീസ്/ശമ്പളം എന്നിവയുടെ ചെലവും ഈ തുകയിൽ നിന്നുമാണു നിർവഹിക്കേണ്ടത്. ഇതിനു പുറമേ സംസ്ഥാനത്തൊട്ടാകെ സർക്കാർ കേസ്സുകളുടെ നടത്തിപ്പിനുള്ള ചെലവും ഇതിൽപ്പെടും.

(എഫ്) 342 ജീവനക്കാർ

(ജി) താഴ്ന്ന ജീവനക്കാരുടെ മേലുള്ള ലഘുശിക്ഷാ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്.

ഉപഭോക്തൃ സംരക്ഷണ കോടതികളുടെ പ്രവർത്തനം

134 (845) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ കോടതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉപഭോക്തൃ കോടതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ആവശ്യത്തിന് സ്റ്റാഫിന്റേയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവത്തിൽ കേസ്സുകൾ വിചാരണ നടത്താൻ കഴിയാതെ പ്രവർത്തനം മന്ദീഭവിച്ച ഏതെങ്കിലും കോടതികളുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വേണ്ട സത്വര നടപടി കൈക്കൊള്ളുമോ;

(ഡി) ഉപഭോക്തൃതർക്കം സംബന്ധിച്ച പരാതികളിൻമേൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ തീർപ്പ് കൽപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുമോ;

(ഇ) ഉപഭോക്തൃ കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കാലതാമസം കൂടാതെ പൂർണ്ണമായി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ കോടതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ട്. ഉപഭോക്തൃ കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും 190 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. 1998-99 വരെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 203 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 1999-2000 സാമ്പത്തിക വർഷം 50 ലക്ഷം രൂപയാണ് ഈയിനത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. ആധുനിക ഓഫീസുപകരണങ്ങളായ കംപ്യൂട്ടർ, ഇലക്ട്രോണിക്സ് ടൈപ്പ് റൈറ്റർ, ഫോട്ടോകോപ്പിയർ തുടങ്ങിയവ സ്ഥാപിച്ച് ഉപഭോക്തൃ കോടതികൾ നവീകരിച്ചിട്ടുണ്ട്. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ ബലപ്പെടുത്തുന്നത് കൂടാതെ ഉപഭോക്തൃ കോടതികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. സംസ്ഥാന കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് സൗകര്യത്തോടുകൂടി എറണാകുളത്ത് കമ്മീഷനും ഫോറത്തിനുമായി സ്വന്തമായി കെട്ടിടം പണിതുകഴിഞ്ഞു. ഇടുക്കിയിൽ ജില്ലാഫോറത്തിനുള്ള കെട്ടിടം പൂർത്തിയായിവരുന്നു. തിരുവനന്തപുരത്ത് സംസ്ഥാന കമ്മീഷനും ഫോറത്തിനുമായി സ്വന്തമായി ആസ്ഥാനമന്ദിരത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലാഫോറത്തിന് സിവിൽ സ്റ്റേഷന്റെ പുതിയ ബ്ലോക്കിൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ല. കേരളത്തിൽ ഉപഭോക്തൃ കോടതികളുടെ പ്രവർത്തനം ഇപ്പോൾ വളരെ നല്ലനിലയിലാണ് നടന്നുവരുന്നത്.

(ഡി) ഉപഭോക്തൃ സംരക്ഷണ ചട്ടത്തിൽ പരാതികളിൻമേൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ തീർപ്പ് കൽപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാധാരണ പരാതികളിൽ 90 ദിവസങ്ങൾക്കുള്ളിൽ തീർപ്പ് കൽപ്പിക്കണമെന്നാണ് വ്യവസ്ഥ.

(ഇ) ഉത്തരവുകൾ കാലതാമസംകൂടാതെ നടപ്പിലാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

നെയ്യാറ്റിൻകര കോടതി കെട്ടിട സമുച്ചയം

135 (846)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കോടതി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പണികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായി എത്രയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ആവശ്യമായ ഫണ്ടനുവദിക്കാത്തതുകൊണ്ടാണ് പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly